## പതിനാലാം കേരള നിയമസഭ

### പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.402** **04.02.2020-ലെ മറുപടിക്ക്**

## സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ നടപടി

**ചോദ്യം**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ശ്രീ. ഐ.സി.ബാലകൃഷ്ണൻ**

**ശ്രീ. കെ.എസ്.ശബരീനാഥൻ**

**ശ്രീമതി.ഷാനിമോൾ ഉസ്മാൻ**

**മറുപടി**

**ഡോ. ടി.എം. തോമസ് ഐസക്**

**ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക നില അനുദിനം ഗുരുതരമായ സ്ഥിതിവിശേഷത്തിലേക്ക് നീങ്ങുകയാണ് എന്ന ആക്ഷേപം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | രാജ്യത്ത് നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യവും കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ നയങ്ങൾ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ഗുരുതര പ്രത്യാഘാതങ്ങളും കേന്ദ്രം സംസ്ഥാനത്തിനോട് പുലർത്തുന്ന നിസ്സഹകരണ മനോഭാവവും ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയതും ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നതും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ ടി പ്രതിസന്ധി സാമൂഹ്യ ക്ഷേമ വികസന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുവാൻ സർക്കാർ ശ്രമിച്ചിട്ടുണ്ട്. |
| (ബി) | നികുതി പിരിവിലെ പരാജയമാണ് ഗുരുതരമായ ഈ സ്ഥിതിവിശേഷത്തിലേക്ക് എത്തിച്ചത് എന്നത് വാസ്തവമാണോ എന്ന് വ്യക്തമാക്കാമോ; | രാജ്യം നിലവിൽ അഭിമുഖീകരിക്കുന്ന സാമ്പത്തിക മാന്ദ്യം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ വസ്തുത പരിഗണിക്കാതെയും അഭിമുഖീകരിക്കാതെയും കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുമേൽ അടിച്ചേൽപ്പിക്കുന്ന ഭാരമാണ് അടിസ്ഥാന കാരണം. |

| | | |
|---|---|---|
| (സി) | നിത്യനിദാന ചെലവുകൾക്കായി കോടികൾ കടമെടുക്കുമ്പോഴും സർക്കാർ ധൂർത്തും അനാവശ്യചെലവുകളും നടത്തുകയാണ് എന്ന ആക്ഷേപം വസ്തുതയാണോയെന്ന് വ്യക്തമാക്കുമോ; | നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പ വരുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ഇതിന്റെ ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും, വിമാന യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുമാണ്. എന്നാൽ പ്രളയത്തിന്റെയും മാന്ദ്യത്തിന്റെയും പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടിരുന്നത്. ഇതോടൊപ്പം സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തുവാൻ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിട്ടുമുണ്ട്. ടി പ്രവൃത്തി തുടരുന്നതാണ്. രാജ്യത്ത് നടപ്പിലാക്കുന്ന ഏറ്റവും ഫലപ്രദമായ മാന്ദ്യവിരുദ്ധ പാക്കേജ് കേരളത്തിൽ കിഫ്ബി മുഖാന്തരം നടക്കുന്ന അന്യാദൃശമായ മൂലധന നിക്ഷേപമാണ്. |
| (ഡി) | സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ നടപടി ശുഷ്കമായ സാഹചര്യത്തിൽ പാഴ്ചെലവുകൾ നിയന്ത്രിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ